പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2227 11.02.2020 ൽ മറുപടിയ്ക്ക്

# നെല്ല് സംഭരണത്തിലെ പ്രതിസന്ധി

ചോദ്യം

ശ്രീ. മോൻസ് ജോസഫ്
ശ്രീ. പി.ജെ.ജോസഫ്
ശ്രീ. സി.എഫ്.തോമസ്

ഉത്തരം

ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കർഷകർക്ക് നെൽവില നൽകിയതിൽ ബാങ്കുകൾക്ക് സപ്ലൈകോയിൽ നിന്നും കിട്ടാനുള്ള കുടിശ്ശികയുടെ പേരിൽ കാർഷിക വായ്പകളെ കിട്ടാക്കടമായി പ്രഖ്യാപിക്കുന്ന രീതിക്ക് പരിഹാരം കണ്ടെത്തുമോ; | (എ) യും (ബി) യും | നെല്ല് സംഭരണം സുഗമമായി മുന്നോട്ട് കൊണ്ടുപോകുന്നതുമായി ബന്ധപ്പെട്ട് 22.01.2020 ൽ ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൃഷി വകുപ്പ് മന്ത്രിയുടെയും SLBC അധികൃതരുടെയും സാന്നിദ്ധ്യത്തിൽ നടന്ന ചർച്ചയിൽ 31 മാർച്ച് 2020 നുള്ളിൽ ബാങ്കുകൾക്ക് നൽകുവാനുള്ള പി.ആർ.എസ് ലോൺ കുടിശ്ശിക കേന്ദ്ര ഫണ്ട് ലഭ്യമാക്കി തിരിച്ചടയ്ക്കുന്നതിനും കൂടാതെ RBI യുടെ അനുമതിയ്ക്ക് വിധേയമായി 31.03.2020 വരെ നിലനിൽക്കുന്ന മോറട്ടോറിയം കാലാവധി പി.ആർ.എസ് വായ്പയ്ക്കുകൂടി ബാധകമാക്കുന്നതിനും NPA യിൽ നിന്നും കർഷകരെ ഒഴിവാക്കി പി.ആർ.എസ് സ്വീകരിക്കുവാനും തുടർ വായ്പ നൽകുവാനും നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | സപ്ലൈകോ നെല്ല് സംഭരിക്കുമ്പോൾ കർഷകർക്ക് നൽകുന്ന രസീതിന്റെ ഈടിൻമേൽ ബാങ്കുകൾ നൽകുന്ന പണത്തിന് സർക്കാർ കുടിശ്ശിക വരുത്തിയതോടെ കർഷകർ നേരിടുന്ന പ്രതിസന്ധിക്ക് എന്ത് നടപടിയാണ് പരിഹാരമായി സ്വീകരിച്ചിരിക്കുന്നതെന്ന് അറിയിക്കാമോ; | | |
| (സി) | ഈ സീസണിലും ബാങ്കുകൾ മുൻകൂർ പണം നൽകിയാലേ നെല്ല് സംഭരണം നടക്കുകയുള്ളൂ എന്ന സാഹചര്യത്തിൽ, ഇതിൽനിന്നും ബാങ്കുകൾ പിൻമാറുന്ന അവസ്ഥയ്ക്ക് പ്രതിവിധി കണ്ടെത്തുമോ; | (സി) | 22.01.2020 ലെ ചർച്ചയിലെ തീരുമാന പ്രകാരം 31.03.2020 ന് മുമ്പ് കേന്ദ്ര വിഹിതം ലഭ്യമാക്കി ബാങ്കുകളുടെ പി.ആർ.എസ് വായ്പാകുടിശ്ശിക തീർപ്പാക്കി 2019-20 സീസണിൽ തുടർന്നും പി.ആർ.എസ് ലോൺ നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | നെല്ല് സംഭരണത്തിന് അനുവദിക്കുന്ന വായ്പയുടെ കാലാവധി ഒരു വർഷമാക്കുവാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | (ഡി) | 22.01.2020 ൽ ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൃഷി വകുപ്പ് മന്ത്രിയുടെയും SLBC അധികൃതരുടെയും സാന്നിദ്ധ്യത്തിൽ നടന്ന ചർച്ച പ്രകാരം വായ്പയുടെ കാലാവധി 1 വർഷം ആക്കുന്നതിനുവേണ്ടി SLBC അധികൃതർ RBI യുടെ അനുവാദത്തിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ